(ബി) ഈയിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഓരോ ജില്ലയിലും ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വക കൊള്ളിച്ചിട്ടുള്ളതെന്നും ഇപ്പോൾ തുടർന്നുവരുന്ന നടപടികളെ സംബന്ധിച്ചും വിശദമാക്കാമോ;

(ഡി) പ്രസ്തുത ഫണ്ടിൽനിന്ന് തുക ചെലവാക്കുന്നതിന് പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാനത്ത് പദ്ധതിയേതര ഇനത്തിൽപ്പെടുത്തി വില്ലേജ് റോഡ് മെയിന്റനൻസ് സ്കീം നടപ്പാക്കി വരുന്നു. കൂടാതെ എസ്. ജി. ആർ. വൈ. പദ്ധതിയുടെ മൊത്തം വിഹിതത്തിന്റെ 15% വരെ തൊഴിൽദാന പരിപാടികളിൽ ചെയ്തിട്ടുള്ള പണികളുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ സാമ്പത്തിക വർഷം പദ്ധതിയേതര ഇനത്തിൽ വില്ലേജ് റോഡ് മെയിന്റനൻസ് സ്കീമിൽ മാത്രമായി 289 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഓരോ ജില്ലയിലുമുള്ള മൊത്തം ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം കണക്കിലെടുത്ത് ജില്ലകൾക്കുള്ള വിഹിതം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

(ഡി) ജില്ലകളിൽ ഏറ്റവും ശോചനീയമായ ഗ്രാമീണ റോഡുകളുടെ മുൻഗണന നിശ്ചയിച്ച് ജില്ലാ കളക്ടർമാരാണ് പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നത്.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

133 [856] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഡി.ആർ.ഡി.എ.-കളുടെ പ്രവർത്തനങ്ങൾ

134 [857] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ജില്ലാ ഗ്രാമവികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നപ്പോൾ ഡി.ആർ.ഡി.എ.-കളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഡി.ആർ.ഡി.എ.-കളുടെ പങ്ക് എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടുകൂടി ഡി.ആർ.ഡി.എ. മുഖേന നടപ്പിലാക്കിയിരുന്ന എല്ലാ കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിൽദാന പദ്ധതികളും ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിവരുന്നത്. എന്നാൽ കേന്ദ്രാവിഷ്കൃത പി.എം.ജി.എസ്.വൈ. പദ്ധതി ഡി.ആർ.ഡി.എ. മുഖാന്തിരമാണ് ചെയ്യുന്നത്.

(സി) ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നടത്തിപ്പിന് സഹായിക്കുന്ന പ്രാവീണ്യമുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കുക, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെ നടത്തിപ്പിന്റെ വിലയിരുത്തലും ഏകോപനവും നടത്തുക, വിവിധ പദ്ധതികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് റിപ്പോർട്ടുകൾ സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് സമർപ്പിക്കുക, കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികളുടെ ഫണ്ട് യഥാസമയം നേടിയെടുക്കുക, കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന ഫണ്ടിന്റെ കണക്കുകൾ കൃത്യമായി സൂക്ഷിക്കുക എന്നിവയാണ് ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഡി.ആർ.ഡി.എ.-കളുടെ പ്രധാന ചുമതലകളും പങ്കും.

LIBRARY ARCHIVES Kerala Legislative Assembly